## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *89 09/08/2017-ൽ മറുപടിയ്ക്ക്

### ആദിവാസി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൂതനപദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ്<br>" രാജു എബ്രഹാം<br>" ഒ. ആർ. കേളു<br>" പി.വി. അൻവർ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായും കൊഴിഞ്ഞുപോക്ക് തടയുന്നതിനായും ഗോത്രബന്ധു പദ്ധതി 2017-18 അദ്ധ്യായനവർഷം മുതൽ നടപ്പിലാക്കുന്നു. വയനാട് ജില്ലയിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന്റെ ഭാഗമായി ഊരുകളിൽ സാമൂഹ്യ പഠനമുറി പദ്ധതി 2017-18 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാഭ്യാസ യോഗ്യതയുള്ള ഒരു വ്യക്തിയെ തെരഞ്ഞെടുത്ത് ട്യൂഷൻ നല്കുന്നതിലേയ്ക്കായി പദ്ധതി പ്രകാരം നിയമിക്കുന്നു. |
| (ബി) | ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി വയനാട് ജില്ലയിലെ പ്രൈമറി സ്കൂളുകളിൽ 2017-18 അദ്ധ്യായനവർഷം ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ട അഭ്യസ്ത വിദ്യരിൽ നിന്നും തിരഞ്ഞെടുക്കുന്നവരെ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്ര ബന്ധു പദ്ധതി". വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മുഖ്യ പിന്നാക്ക ഗോത്ര വർഗ്ഗം ഏതാണോ ആ വിഭാഗത്തിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവരെ യാണ് മെന്റർ ടീച്ചർമാരായി നിയമിക്കുന്നത്. ഗോത്രവർഗ്ഗ ഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാ രൂപങ്ങളിൽ പ്രാവീണ്യം എന്നിവ മെന്റർ ടീച്ചർമാരെ തിരഞ്ഞെടുക്കുന്നതിൽ അധിക യോഗ്യതയായി പരിഗണിക്കുന്നു. സർക്കാർ ഉത്ത രവ് (സാധാ) നം.1549/17/പജപവവിവ. തീയതി. 17/06/2017 പ്രകാരം ടി ടീച്ചർമാർക്ക് ഓണറേറിയ മായി 15,000/- രൂപ പ്രതിമാസം അനുവദിക്കുന്ന തിനും ഉത്തരവായിട്ടുണ്ട്.<br><br>ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങ ളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4 വരെ പഠി ക്കുന്ന കുട്ടികളുടെ ഇടയിലെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് വിദ്യാലയങ്ങളിൽ എത്തിക്കുകയും വിദ്യാഭ്യാസ ഉന്നമനത്തിനായി പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസിലെ ടീച്ചറോടൊപ്പം നിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥി കളെ സഹായിക്കുകയും സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനും ഉള്ള വേദിയൊരുക്കുകയും സഹഅധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, ഗോത്രവർഗ്ഗകലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ചെയ്യുക എന്നത് ഗോത്ര ബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള മെന്റർ ടീച്ചർമാരുടെ പ്രവർത്തനങ്ങളാണ്.<br><br>2017-18 സാമ്പത്തിക വർഷം ഗോത്രബന്ധു പദ്ധ തി ക്കായി 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. ഇതിൽ 1,70,00,000/- രൂപ മെന്റർ ടീച്ചർ മാർക്ക് ഓണറേറിയം നൽകുന്നതിനായി അനുവദിച്ചു നല്കിയിട്ടുണ്ട്. |
| (സി) | വിദ്യാലയങ്ങൾ ഗോത്ര സൗഹൃദ മാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയു മെന്ന് വ്യക്തമാക്കാമോ; | (സി) | വിദ്യാലയങ്ങൾ ഗോത്ര സൗഹൃദമാക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാർ കൂടുതലുള്ള വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ പട്ടികവിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ളവരെ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. പദ്ധതി മറ്റ് ജില്ലകളിലും വ്യാപിപ്പിക്കുന്നതിലേയ്ക്ക് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച ഗോത്രസാരഥി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പട്ടികവർഗ്ഗ ഊരുകൾ, ദുർഘട വനപ്രദേശങ്ങൾ, മതിയായ വാഹനസൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന ഗോത്രസാരഥി പദ്ധതി സംസ്ഥാനത്തൊട്ടാകെ പദ്ധതി ആവശ്യമായ വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടുതൽ വിദ്യാലയങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ആവശ്യകത യുണ്ടായാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ